പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2171 07.07.2015 ൽ മറുപടിയ്ക്ക്

ലേൺ ടു കോർഡ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) |
| (എ) ലേൺ ടു കോർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | (ബി) കേരളത്തിലെ വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അവബോധം വ്യാപകമാക്കുന്നതിനും അതുവഴി കേരളത്തെ ഭാവിയിൽ ഐ.റ്റി ഹബ്ബാക്കി മാറ്റുന്നതിനും കേരള സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ നൂതനമായി രൂപം നൽകിയ ഒന്നാണ് "ലേൺ ടു കോഡ്". ഇതുവഴി കേരളത്തിലെ വിദ്യാർത്ഥികളിൽ കോഡിംഗ് വൈദഗ്ധ്യം വളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. |
| (സി) പുതുതലമുറയ്ക്ക് ഐ.റ്റി.വിദ്യാഭ്യാസം സുഗമമായും ചെലവ് കുറഞ്ഞ വിധത്തിലും നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; | (സി) റാസ്ബറി പൈ കിറ്റുകൾ വിദ്യാർത്ഥികൾക്കു സൗജന്യമായി വിതരണം ചെയ്തു കൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 2522 റാസ്ബറി പൈ കിറ്റുകളാണ് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിയത്. അടിസ്ഥാനപരമായ പരിശീലനം നൽകി വിദ്യാർത്ഥികളിൽ പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്ന |

| | |
|---|---|
| | തിനുള്ള പ്രോത്സാഹനം നൽകാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനായുള്ള പരിശീലന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു . |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ, ഐ.ടി@സ്കൂൾ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്നിവരുടെ ആഭിമുഖ്യത്തിൽ കേരള സർക്കാർ 2015, ഫെബ്രുവരി 21 -ാം തീയതി ഈ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനവും റാസ്ബറി പൈ വിതരണവും നടത്തുകയുണ്ടായി. വരും വർഷങ്ങളിൽ 5,000 ത്തോളം റാസ്ബറി പൈ/അഡ്രിനോ കിറ്റുകൾ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും അവരിലെ പരീക്ഷണാത്മകത സ്കൂൾ തലത്തിൽ വെച്ചു തന്നെ വളർത്തി യെടുക്കുന്നതിന് തുടർന്നുള്ള പരിശീലനവും മേൽനോട്ടവും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ